# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **6448** **11.07.2012 - ൽ മറുപടിയ്ക്ക്**

## നിർമ്മിതി കേന്ദ്രയുടെ കലവറ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന നിർമ്മിതി കേന്ദ്രയുടെ ആഭിമുഖ്യത്തിലുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറ എല്ലാ ജില്ലകളിലും ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; | എ) എല്ലാ ജില്ലകളിലും കലവറ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ അതിന്റെ ഭാഗമായി നിലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം(പാല), എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ കലവറയുടെ പ്രവർത്തനം നടന്നു വരുന്നു. അടൂർ (പത്തനംതിട്ട), ചെട്ടികുളങ്ങര (ആലപ്പുഴ), ചിറ്റൂർ (പാലക്കാട്) എന്നിവിടങ്ങളിൽ കലവറയുടെ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മുട്ടം (ഇടുക്കി), വൈക്കം (കോട്ടയം), വയനാട് എന്നിവിടങ്ങളിൽ നിർമ്മാണം നടന്നു വരുകയും ചെയ്യുന്നു. കൂടാതെ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ കീഴിൽ, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ കലവറകൾ പ്രവർത്തിച്ചുവരുന്നു. |
| ബി) നിലവിൽ കലവറ ഏതൊക്കെ ജില്ലയിലാണ് ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ; | ബി) നിലവിൽ പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, വയനാട് എന്നിവിടങ്ങളിൽ ഔദ്യോഗിക മായി കലവറ ആരംഭിച്ചിട്ടില്ല. എന്നാൽ പോലീസ്, റവന്യൂ അധികൃതർ എന്നിവർ പിടിച്ചെടുക്കുന്ന മണലിന്റെ വിതരണം ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. |

| | |
|---|---|
| സി) ഇവിടങ്ങളിൽ കലവറയുടെ കേന്ദ്രങ്ങൾ എന്ന് തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; | സി) പത്തനംതിട്ട ജില്ലയിലെ അടൂരിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കലവറ തുറന്നു പ്രവർത്തിക്കുന്നതിന് സജ്ജമായിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ യഥാക്രമം മുട്ടം, മാനന്തവാടി, എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രണ്ട് മാസത്തിനകം പ്രവർത്തനത്തിന് സജ്ജമാകുന്നതാണ്. കണ്ണൂർ ജില്ലയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി) ഭാവിയിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും കലവറകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | ഡി) പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**